# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.674 08.03.2012 ൽ മറുപടിക്ക്.

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പി.എച്ച്.സി / സി.എച്ച്. സി കൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ആകെയുള്ള പി.എച്ച്.സി./സി.എച്ച്.സികൾ എത്രയാണ്; അവ ഏതെല്ലാം; | എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ സാമൂഹ്യ ആരോഗ്യകേന്ദ്രം-1 / പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ-11 എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സാമൂഹ്യ ആരോഗ്യകേന്ദ്രം, ഏഴോം<br>2) 24X7 പ്രാഥമികാരോഗ്യ കേന്ദ്രം, മാട്ടൂർ<br>3) പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുതാഴം<br>4) പ്രാഥമികാരോഗ്യ കേന്ദ്രം, കുഞ്ഞിമംഗലം<br>5) പ്രാഥമികാരോഗ്യ കേന്ദ്രം, മുട്ടം<br>6) പ്രാഥമികാരോഗ്യ കേന്ദ്രം, കടന്നപ്പള്ളി<br>7) പ്രാഥമികാരോഗ്യ കേന്ദ്രം, ആലക്കാട്<br>8) പ്രാഥമികാരോഗ്യ കേന്ദ്രം, പട്ടുവ<br>9) പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുകുന്ന്<br>10) പ്രാഥമികാരോഗ്യ കേന്ദ്രം, പൂന്നചേരി<br>11) പ്രാഥമികാരോഗ്യ കേന്ദ്രം, കല്ല്യാശ്ശേരി<br>12) പ്രാഥമികാരോഗ്യ കേന്ദ്രം, കണ്ണപുരം. |
| ബി) പ്രസ്തുത പി.എച്ച്.സി. / സി.എച്ച്.സി കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് എവിടെയൊക്കെയാണ്; വിവരം ലഭ്യമാക്കുമോ; | ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>1) സാമൂഹ്യ ആരോഗ്യകേന്ദ്രം, ഏഴോം - 1<br>2) പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുകുന്ന് - 1<br>3) പ്രാഥമികാരോഗ്യ കേന്ദ്രം, ആലക്കാട് - 1<br>4) പ്രാഥമികാരോഗ്യ കേന്ദ്രം, മുട്ടം - 1<br>5) പ്രാഥമികാരോഗ്യ കേന്ദ്രം, മാട്ടൂർ - 1 |
| സി) ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | സി) പി.എസ്.സി മുഖേനയും അഡ്ഹോക്ക് അടിസ്ഥാനത്തിലും ഒഴിവുകൾ നികത്തുന്നതിന് വേണ്ട നടപടികളാണ് കൈക്കൊണ്ടുവരുന്നത്. |

| | |
|---|---|
| ഡി) പുതിയങ്ങാടി ഫിഷറീസ് ആശുപത്രിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും അവിടെ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ഡി) പുതിയങ്ങാടി ഫിഷറീസ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്ഥിരം ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടില്ല. വർക്കിംഗ് അറേഞ്ച്മെന്റിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരെ ഉപയോഗിച്ചാണ് സ്ഥാപനം പ്രവർത്തിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ